15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3147 — 04-08-2021 - ൽ മറുപടിയ്ക്ക്

## കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ കോടതികളിൽ എത്ര ക്രിമിനൽ കേസുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കേരളാ ഹൈക്കോടതിയിൽ 30.04.2021 വരെ 46,356 ക്രിമിനൽ കേസുകളും മറ്റ് കീഴ് കോടതികളിൽ 30.06.2021 വരെ 16,10,382 ക്രിമിനൽ കേസുകളും തീർപ്പാകാതെ കിടക്കുന്നുണ്ട്. |
| (ബി) | ശാസ്ത്രീയ പരിശാധന സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | പോക്സോ കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസമുണ്ടാകുന്നതിന് ഫോറൻസിക് ലബോറട്ടറികളിൽ നിന്നുള്ള റിപ്പോർട്ടുകൾ ലഭിക്കുന്നതിലെ കാലതാമസം ഒരു കാരണമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. പോക്സോ നിയമത്തിനു കീഴിൽ ഹൈക്കോടതി സംഘടിപ്പിച്ചിട്ടുള്ള കമ്മിറ്റി നിലവിലെ അടിയന്തിര സ്ഥിതി പരിഗണിച്ച് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനുമായി ചേർന്ന് ഫോറൻസിക് സയൻസ് ലാബിലെ സയന്റിഫിക് ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നകാര്യം പരിശോധിച്ച വരുന്നു. ഫോറൻസിക് പരിശോധന ബാക്കിയായിട്ടുള്ളതും എന്നാൽ തീർപ്പാക്കിയതുമായ കേസുകൾ സംബന്ധിച്ച വിവരം ഫോറൻസിക് സയൻസ് ലബോറട്ടറിയെ അതാതു സമയം അറിയിക്കാൻ ജുഡീഷ്യൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതുവഴി ആവശ്യമില്ലാത്ത രാസപരിശോധനകൾ ഒഴിവാക്കാൻ കഴിയുമെന്നും ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഓഫീസർമാരോട് അധികസമയം ജോലി ചെയ്ത് കേസുകൾ പരമാവധി കുറയ്ക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. കൂടാതെ സൈബർ കേസുകൾ വേഗത്തിൽ പരിശോധിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഇപ്പോൾ എട്ട സയന്റിഫിക് ഓഫീസർമാർക്ക് ഇതിനു വേണ്ട ട്രെയിനിംഗ് നൽകുന്നുണ്ടെന്നും ഓഗസ്റ്റ് അവസാനത്തോടെ ഇവരെ കേസുകൾ പരിശോധിക്കാൻ നിയമിക്കാമെന്നും സംസ്ഥാന |

| | | | |
|---|---|---|---|
| | | | പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. 20.07.2018 ലെ സ.ഉ.(കൈ) നം.120/2018/ആഭ്യന്തരം പ്രകാരം ഫോറൻസിക് ലബോറട്ടറിയിൽ 50 സയന്റിഫിക് ഓഫീസർമാരുടെയും 6 അസിസ്റ്റന്റ് ഡയറക്ടർമാരുടേയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. രണ്ടുമാസത്തിനുള്ളിൽ ഒഴിവുള്ള എല്ലാ തസ്തികകളിലും സയന്റിഫിക് ഓഫീസർമാരുടെ നിയമനം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ഉറപ്പ് നൽകിയിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ